സ്വാഭാവിക ബുദ്ധിമുട്ടുകളാണ് ഇതിൽ കൂടുതലും. ഇ-ഓഫീസ് കൈകാര്യം ചെയ്യുമ്പോൾ ജീവനക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഹാൻഡ് ഹോൾഡ് സ്റ്റാഫിന്റെ സേവനം നല്കുന്നുണ്ട്.

ഇ - പെയ്മെന്റ് ഗേറ്റ് വേ

178(2167) ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-പേയ്മെന്റ് ഗേറ്റ് വേ നിലവിൽ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) സർക്കാർ സേവനങ്ങൾക്കാവശ്യമായിവരുന്ന പണമിടപാടുകൾ ഓൺലൈനായി നടത്താൻ എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിലുള്ളത്; വിശദമാക്കുമോ ;

(സി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനു സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സേവനങ്ങൾക്ക് ഒടുക്കേണ്ടി വരുന്ന പണമിടപാടുകൾ ഓൺലൈൻ ആയി നടത്തുക എന്നതാണ് ഇ-പെയ്മെന്റ് സംവിധാനത്തിന്റെ ലക്ഷ്യം.

(ബി) അംഗീകൃത ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ചും 70-ൽ പരം ബാങ്കുകളുടെ നെറ്റ് ബാങ്കിംഗ് സൗകര്യം ഉപയോഗിച്ചും പണം ഒടുക്കുന്നതിന് ഈ സംവിധാനത്തിൽ സൗകര്യമൊരുക്കിയിട്ടുണ്ട്.

(സി) പ്രസ്തുത സംവിധാനം വിവിധ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ ഇ-ഗവേണൻസ് പദ്ധതികളുമായി സംയോജിപ്പിച്ച് ആവശ്യമായി വരുന്ന പണമിടപാടുകൾ ഓൺലൈൻ ആയി നടത്തുന്നതിന് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സ്വന്തമായി ഓൺലൈൻ റസീപ്റ്റ് പോർട്ടലുകൾ ഉള്ള വകുപ്പുകളെ (ഉദാഹരണത്തിന് മോട്ടോർ വാഹനവകുപ്പ്, വാണിജ്യ നികുതി വകുപ്പ്) ഇ-ട്രഷറിയുമായി സംയോജിപ്പിക്കുന്നതിനും മറ്റ് വകുപ്പുകൾ സ്വന്തമായി ഇലക്ട്രോണിക് റസീപ്റ്റ് പോർട്ടലുകൾ വികസിപ്പിച്ചെടുക്കുവാനും തുടർന്ന് ഇ-ട്രഷറിയുമായി ബന്ധിപ്പിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly